LIBRARY ARCHIVES Kerala Legislative Assembly

(12) വെണ്ണി പാലത്തിന്റെ പുനർ നിർമ്മാണം

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, നമ്മുടെ സംസ്ഥാനത്തെ മുഖ്യ വൈദ്യുതി സ്രോതസ്സായ ഇടുക്കി ഡാമിലേയ്ക്ക് വെള്ളമെത്തിക്കുന്നതിൽ നിർണ്ണായകമായ സംഭാവന നൽകുന്ന താലൂക്കാണ് പീരുമേട് താലൂക്ക്. നാൽപ്പത്തിയേഴിലധികം ചെറിയ നദികളും അതോടൊപ്പംതന്നെ തോടുകളിലൂടേയും അഴുത ഡൈവേർഷൻ സ്കീമിലൂടേയും കുറ്റിയാർ ഡൈവേർഷൻ സ്കീമിലൂടേയും വെള്ളം ഇടുക്കി ഡാമിലേയ്ക്ക് എത്തിക്കുന്നതിന് വലിയ സംഭാവന വഹിക്കുന്നുണ്ട്. എന്നാൽ ഒരോ മഴക്കാലത്തും ഉണ്ടാകുന്ന പ്രകൃതിക്ഷോഭത്തിലും ഉരുൾപൊട്ടലിലുംപെട്ട് പീരുമേട് താലൂക്കിലെ നിരവധി പാലങ്ങളും റോഡുകളും തകരുന്നു. ഈ മഴക്കാലത്ത് ശക്തമായി ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് വെണ്ണിപാലവും അതോടൊപ്പംതന്നെ രണ്ട് പ്രധാന റോഡുകളും ഒലിച്ചുപോയി. വട്ടപ്പതാൽ റോഡ് ഏതാണ്ട് 5 കിലോമീറ്ററോളമാണ് ശക്തമായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും ഒഴുകിപ്പോയത്. അതുപോലെ കോഴിക്കാനം റോഡിന് മൂന്ന് കിലോമീറ്ററോളം പൂർണ്ണമായും നാശനഷ്ടമുണ്ടായി. ഈ പാലവും റോഡുകളും പുനരുദ്ധരിക്കുന്നതിന് ഫണ്ട് അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, നമ്മുടെ സംസ്ഥാനത്ത് ഇത്തവണയുണ്ടായ കാലവർഷക്കെടുതിയും കാലാവസ്ഥാ വ്യതിയാനവുമൊക്കെ വച്ചുകൊണ്ട് പ്രത്യേകിച്ച് ഇടുക്കി, പത്തനംതിട്ട തുടങ്ങിയ വിവിധ പ്രദേശങ്ങളിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിക്കുന്ന ദുരിതാശ്വാസ നിധിയിലെ തുകകൊണ്ടു മാത്രം ചെലവുകൾ നിർവ്വഹിക്കാൻ കഴിയില്ല എന്ന സാഹചര്യത്തിൽ കഴിഞ്ഞ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം 10 കോടി രൂപ അതിരൂക്ഷമായ വെള്ളപ്പൊക്കമുണ്ടായ സ്ഥലങ്ങൾക്കുവേണ്ടി അഡീഷണലായി അനുവദിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെടുത്തി ഇതുപോലുള്ള പ്രവൃത്തികൾ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ പാലത്തിന്റേയും റോഡുകളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കി എത്രയും വേഗം ഗവൺമെന്റിലേയ്ക്ക് എത്തിക്കുക. അതനുസരിച്ച് ഫണ്ട് അനുവദിക്കാൻ ശ്രമിക്കുന്നതാണ്. കേന്ദ്ര സംഘം 27-ാം തീയതി വരുമെന്നാണ് അറിയിച്ചിരുന്നത്. അത് ഞാൻ സഭയിൽ പറഞ്ഞിരുന്നു. അവർ അതിൽ ചെറിയ ഒരു മാറ്റം വരുത്തി. ജനുവരി 10 മുതൽ 13 വരെ കേന്ദ്ര സംഘം നമ്മുടെ സംസ്ഥാനത്ത് സന്ദർശിക്കുന്നുണ്ട്. ആ പ്രോഗ്രാമിൽ ഇടുക്കി ജില്ലയിലെ ഈ പറഞ്ഞ പ്രദേശങ്ങൾകൂടി സന്ദർശിക്കുന്ന കാര്യം ഉൾപ്പെടുത്തുന്നതാണ്.

(13) കാരായ്മ-കുടിയാൻമാരുടെ സൗകര്യാവകാശങ്ങൾ

ശ്രീ. എ. പ്രദീപ്കുമാർ : സർ, കോഴിക്കോട്-പൊന്നാനി താലൂക്കുകളിലുള്ള ആയിരക്കണക്കിന് വരുന്ന കാരായ്മ-കുടിയാന്മാർക്ക് സൗകര്യാവകാശം ഉറപ്പുവരുത്താൻ ഒരു നിയമം നിർമ്മിക്കണമെന്ന് ഈ സഭയിൽ തന്നെ ഞാൻ നാലാമത്തെ തവണയാണ് ആവശ്യം ഉന്നയിക്കുന്നത്. വളരെ വർഷങ്ങൾക്കു മുമ്പുതന്നെ സഭയിൽ ഈ ആവശ്യം ഉന്നയിക്കപ്പെട്ടതാണ്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഭാഗമായി പരിഹരിക്കപ്പെടേണ്ട പ്രശ്നം പരിഹരിക്കാതെ വന്നപ്പോൾ

സഭയിൽ വന്ന ആവശ്യത്തെത്തുടർന്ന് ഒരു നിയമനിർമ്മാണം നടത്തി. പക്ഷേ കോടതി ഇടപെട്ട് അതിനെ ദുർബ്ബലമാക്കി. കോടതിക്ക് ഇടപെടാൻ ഇടയായിട്ടുള്ള പഴുതുകൾ അടച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യം വീണ്ടും ഉന്നയിക്കപ്പെട്ടു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒന്നും ചെയ്തില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ നിയമം നിർമ്മിക്കുമെന്ന് ഉറപ്പു നൽകി. 12-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിലും 14-ാം സമ്മേളനത്തിലും ഈ കാര്യത്തെ സംബന്ധിച്ച് സഭയ്ക്ക് ഉറപ്പ് നൽകിയിട്ടുണ്ടായിരുന്നു. പക്ഷേ ഇതേവരെ അതിന് ആവശ്യമായിട്ടുള്ള നടപടിക്രമങ്ങളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. നിയമവകുപ്പ് സെക്രട്ടറിയോട് കഴിഞ്ഞ ദിവസം സംസാരിച്ച സമയത്ത് ഇതിന്റെ ബില്ലെല്ലാം ഏതാണ്ട് കരട് രൂപത്തിലായി എന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നേരത്തെ പറഞ്ഞെങ്കിൽപോലും ഒരു വ്യക്തതയുമില്ലാത്ത സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. ഈ ഗവൺമെന്റിന്റെ കാലാവധിക്കു മുൻപ് തന്നെ ഈ കാര്യത്തിൽ നിയമനിർമ്മാണം ഉണ്ടാകുന്നില്ലെങ്കിൽ അത് ആയിരക്കണക്കിന് വരുന്ന കാരായ്മ-കുടിയാന്മാരോടും അവരുടെ കുടുംബങ്ങളോടും ചെയ്യുന്ന കടുത്ത അനീതിയായിരിക്കും. എന്തായാലും പാവങ്ങളുടെ പ്രശ്നങ്ങൾക്ക് പ്രത്യേകം പരിഗണന നൽകുന്ന ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ പരിഗണന നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, കാരായ്മ-കുടിയാന്മാരുടെ സൗകര്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി 1999-ൽ ഒരു നിയമം കൊണ്ടുവന്നതാണ്. എന്നാൽ പ്രസ്തുത നിയമം ബഹുമാനപ്പെട്ട ഹൈക്കോടതി ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ചു. ഇതിനിടയിൽ 12-ാം കേരള നിയമസഭയിൽ 29-6-2006-ന് ഉന്നയിക്കപ്പെട്ട കാരായ്മ-കുടിയാൻമാരുടെ പ്രശ്നം സംബന്ധിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടിയായി നിയമനിർമ്മാണത്തിലൂടെ കാരായ്മ-കുടിയാൻമാരെ സംരക്ഷിക്കുന്നതിനാവശ്യമായ ഒരു പുതിയ ഭേദഗതിക്ക് നടപടി സ്വീകരിക്കുന്നതാണെന്നും നിയമ വകുപ്പുമായി ആലോചിച്ച് അതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഗവൺമെന്റ് ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത ഉറപ്പിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഉറപ്പുകൾ സംബന്ധിച്ച നിയമസഭാ സമിതി പരിശോധിക്കുകയും കാരായ്മ-കുടിയാന്മാർ ഇപ്പോൾ അനുഭവിക്കുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ ശുപാർശകളും നിർദ്ദേശങ്ങളുമടങ്ങുന്ന റിപ്പോർട്ട് നൽകുകയും ചെയ്തു. അപ്രകാരം കാരായ്മ-കുടിയാന്മാരുടെ സൗകര്യാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് ആക്ട് 21/99-ലെ പോരായ്മകൾ പരിഹരിച്ച് പുതിയ നിയമനിർമ്മാണം നടത്താൻ മന്ത്രിസഭ തീരുമാനിച്ചു. ഇതിനിടയിൽ കാരായ്മ-കുടിയാന്മാരുടെ സൗകര്യാവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഉപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള തെളിവെടുപ്പ് നടന്നു. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ നിയമ വകുപ്പ് മന്ത്രിസഭാ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ബില്ലിന്മേൽ ചർച്ച നടക്കുകയുണ്ടായി. അതിൽ കെ.എൽ.ആർ. ആക്ടിലെ 53-ാമത്

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ ഭേദഗതി ചെയ്യുന്ന നിർദ്ദേശത്തിൽ ജന്മിമാർക്ക് കോമ്പൻസേഷൻ നൽകുന്ന നിർദ്ദേശത്തിൽ നിയമസഭാ സമിതി ശക്തമായി വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ മാത്രം ജന്മിമാർക്ക് കോമ്പൻസേഷൻ നൽകാൻ 150 കോടിയോളം രൂപ വേണ്ടിവരുമെന്ന് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് വളരെ വലിയൊരു തുകയാണെന്നും ഇത്രയും ഭീമമായ തുക ജന്മിമാർക്ക് നഷ്ടപരിഹാരമ് നൽകുന്നത് ഭൂപരിഷ്ക്കരണ നിയമത്തിന്റെ സ്പിരിറ്റിന് യോജിക്കാത്തതാണെന്നും നിയമസഭാ സമിതി വിലയിരുത്തി. ആയതിനാൽ നിയമ വകുപ്പുമായി കൂടിയാലോചിച്ച് ഒരു ബദൽ നിർദ്ദേശം കൊണ്ടുവരണമെന്ന് സമിതി നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും നിയമ വകുപ്പുമായി ചർച്ച ചെയ്തു വരികയുമാണ്. ഈ വിഷയം വളരെ ഗൗരവമുള്ളതായതുകൊണ്ട്, ഒരു തവണ നിയമം പാസ്സാക്കി ഹൈക്കോടതി റദ്ദ് ചെയ്തതുമായതുകൊണ്ട് എല്ലാ നിയമവശങ്ങളും പരിശോധിച്ചുകൊണ്ടുവേണം ചെയ്യാൻ. ഈ വിഷയം വളരെ അനുകമ്പാപൂർവ്വവും ഏറ്റവും പ്രാധാന്യത്തോടുകൂടിയും പരിഗണിക്കണമെന്നു തന്നെയാണ് മന്ത്രിസഭ തീരുമാനിച്ചതും പുതിയ ഒരു ബിൽ കൊണ്ടുവരാൻ നിർദ്ദേശിച്ചിട്ടുള്ളതും.

(14) പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ

ശ്രീ. എ. സി. മൊയ്തീൻ : സർ, തൃശ്ശൂർ ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തണമെന്നുള്ള ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ജെ.പി.എച്ച്.എൻ. തസ്തികയിൽ തൃശ്ശൂരിൽ 484 തസ്തികകൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗ്രേഡ് I-ന്റെ 161-ഉം ഗ്രേഡ് II-ന്റെ 323-ഉം തസ്തികകളാണുള്ളത്. ഗ്രേഡ് I-ന്റേയും ഗ്രേഡ് II-ന്റേയും ജോലി സ്വഭാവത്തിൽ വ്യത്യാസമില്ലാത്തതുകൊണ്ട് ഇത് ജില്ലയ്ക്കകത്തുതന്നെ ഇന്റർ ചെയിഞ്ചബിൾ ആയി മാറ്റിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതിന്റെ ഭാഗമായി സ്വാഭാവികമായും നിയമനത്തിന് റിപ്പോർട്ടു ചെയ്യപ്പെടാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. ഈ പ്രശ്നം പരിശോധിച്ച് നിലവിൽ റാങ്ക് ലിസ്റ്റിലുള്ള ആളുകൾക്ക് ഒഴിവുകൾ ഉണ്ടോ എന്ന് കണക്കാക്കുന്നതിന് സംവിധാനമില്ല എന്നാണ് ബന്ധപ്പെട്ട ഓഫീസിൽനിന്ന് അറിയുന്നത്. തൃശ്ശൂരിൽ ഈ തസ്തികകളിൽ ഒഴിവുകളുണ്ടോ എന്ന് പരിശോധിച്ച് കാലാവധി തീരാൻ പോകുന്ന നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ആ ഒഴിവുകളിലേക്ക് സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ജെ.പി.എച്ച്.എൻ. തസ്തികകളിലേക്ക് നിയമിക്കണം എന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, കേരളത്തിൽ പബ്ലിക് ഹെൽത്ത് രംഗത്ത് പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ തസ്തികയിൽ തൃശ്ശൂർ ജില്ലയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള രണ്ടു വേക്കൻസി മാത്രമേയുള്ളൂ ; ഗ്രേഡ് II. കേരളത്തിൽ ജൂനിയർ ഹെൽത്ത് നഴ്സുമാരുടെ ആകെയുള്ള തസ്തികയെന്നുപറയുന്നത് 5585 ആണ്. അതിൽ രണ്ടു വിഭാഗത്തിൽപ്പെട്ടവരുണ്ട്. ഒന്ന്, ജൂനിയർ

LIBRARY ARCHIVES Kerala Legislative Assembly